പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായി ചെലവഴിച്ച തുക

2 (1153) ഡോ. എം. എ. കുട്ടപ്പൻ :
ശ്രീ. എഴുകോൺ നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഇതുവരെ ഓരോ റവന്യൂ ജില്ലയിലും പട്ടികജാതിക്കാരുടെയും പട്ടികവർഗ്ഗക്കാരുടെയും ഉന്നമനത്തിനായി എന്തു തുക വീതം ചെലവഴിച്ചു ;

(ബി) ഓരോ ജില്ലയിലും പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുംപെട്ട എത്രപേർ വീതമുണ്ടെന്ന് പറയാമോ ;

(സി) പട്ടികജാതിക്കാരുടേയും പട്ടികവർഗ്ഗക്കാരുടേയും ഉന്നമനത്തിനായി ഈ ഗവൺമെന്റ് ഇതുവരെ ചെലവഴിച്ച തുകയിൽ ഓരോ പട്ടികജാതി-പട്ടികവർഗ്ഗ കുടുംബത്തിനും എന്തു തുക വീതം ലഭിച്ചു എന്നു പറയാമോ ;

(ഡി) അതിന്റെ ഫലമായി പട്ടികജാതിയിലും പട്ടികവർഗ്ഗത്തിലുംപെട്ട എത്ര കുടുംബങ്ങൾ ദാരിദ്ര്യരേഖയുടെ മുകളിലെത്തിയെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ) അനുബന്ധം I കാണുക†.

(ബി) അനുബന്ധം II കാണുക†.

(സി) ഓരോ പട്ടികജാതി കുടുംബത്തിനും ശരാശരി 5876 രൂപ വീതവും, പട്ടികവർഗ്ഗക്കാരിൽ 3035.25 രൂപ വീതവും ലഭിച്ചിട്ടുണ്ട്.

(ഡി) പട്ടികജാതിയിൽപ്പെട്ട ഏകദേശം 92,646 കുടുംബങ്ങളും പട്ടികവർഗ്ഗത്തിൽപ്പെട്ട 8738 കുടുംബങ്ങളും ദാരിദ്ര്യരേഖയ്ക്കു മുകളിൽ എത്തിയിട്ടുള്ളതായി കണക്കാക്കുന്നു.

പട്ടികവിഭാഗ ക്ഷേമപ്രവർത്തനങ്ങളുടെ വിലയിരുത്തൽ

3 (1154) ശ്രീ. എ. കണാരൻ :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീമതി എൻ. കെ. രാധ :
ശ്രീ. എം. നാരായണൻ (കുഴൽമന്ദം) :
ശ്രീ. വി. കെ. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ പട്ടികവിഭാഗക്ഷേമ പ്രവർത്തനങ്ങളുടെ നിർവഹണം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ ;

---

† അനുബന്ധം VI & VI 'എ'

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ജനകീയാസൂത്രണ പദ്ധതിയുടെ നടത്തിപ്പിലൂടെ പട്ടികവിഭാഗക്ഷേമത്തിനുവേണ്ടി അനുവദിച്ചിരുന്ന തുകയുടെ എത്ര ശതമാനം വിനിയോഗിക്കാനായി എന്നു വെളിപ്പെടുത്തുമോ ;

(സി) ഗുണഭോക്താക്കളുടെ ആവശ്യം അറിഞ്ഞ് പദ്ധതികൾ നടപ്പാക്കാൻ സാധിച്ചതായി സർക്കാർ കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ ;

(ഡി) ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പിലൂടെ പട്ടികവിഭാഗക്ഷേമപ്രവർത്തനത്തിൽ കൈവരിക്കാനായ ഭൗതികനേട്ടങ്ങളുടെ സ്റ്റേറ്റ്മെന്റ് നല്കുമോ ;

(ഇ) സംസ്ഥാനത്ത് ജനകീയാസൂത്രണ പദ്ധതി നടപ്പാക്കുന്നതിനു മുമ്പ് 1993-94, 1994-95 വർഷങ്ങളിൽ പട്ടികവിഭാഗങ്ങൾക്കായി പാർപ്പിടരംഗത്ത് ഉണ്ടായ നേട്ടങ്ങൾ സർക്കാർ പരിശോധിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(എഫ്) സംസ്ഥാനത്ത് ജനകീയാസൂത്രണ പദ്ധതികളുടെ നടത്തിപ്പിലൂടെ 1997-98, 1998-99 വർഷങ്ങളിൽ പാർപ്പിട രംഗത്ത് കൈവരിച്ച നേട്ടങ്ങൾ പരിശോധിച്ചുവോ ; എങ്കിൽ പ്രസ്തുത കാലഘട്ടത്തിലെ പാർപ്പിടരംഗത്തെ നേട്ടങ്ങൾ വിജയകരമായിരുന്നുവെന്ന് കരുതുന്നുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ;

(ജി) 1997 മുതൽ ഉള്ള രണ്ട് വർഷക്കാലം എത്ര പട്ടികവിഭാഗ ഭവനങ്ങൾ വൈദ്യുതീകരിച്ചെന്ന് വെളിപ്പെടുത്തുമോ ;

(എച്ച്) സംസ്ഥാനത്ത് ത്രിതല പഞ്ചായത്തുകൾ നടപ്പാക്കുന്ന പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമപ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാൻ സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 1997-98 വാർഷിക പദ്ധതിയിൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് വകയിരുത്തിയിരുന്ന 90 ശതമാനം തുകയും ചെലവഴിച്ചിട്ടുണ്ട് എന്ന് താല്കാലിക കണക്കുകൾ സൂചിപ്പിക്കുന്നുണ്ട്. അടുത്ത വർഷങ്ങളിലെ ചെലവിനെ സംബന്ധിച്ച കണക്കുകൾ ശേഖരിച്ചുവരുന്നു.

(സി) ഉണ്ട്. ജനകീയാസൂത്രണ പദ്ധതി പ്രകാരം ഗുണഭോക്താക്കളുടെ ആവശ്യങ്ങൾ ഗ്രാമസഭയിൽ ചർച്ച ചെയ്താണ് പദ്ധതികൾ തയ്യാറാക്കുന്നത്. ഇതിനുവേണ്ടി ഗ്രാമസഭായോഗങ്ങളിൽ പ്രത്യേകം ഗ്രൂപ്പുതന്നെ രൂപീകരിച്ചാണ് ചർച്ച ചെയ്യുന്നത്.

(ഡി) ജനകീയാസൂത്രണത്തിന്റെ ആദ്യത്തെ മൂന്നു വാർഷിക പദ്ധതികളിലെ പ്രത്യേക ഘടകപദ്ധതിയുടെയും പട്ടികവർഗ്ഗ ഉപപദ്ധതിയുടെയും ഭൗതികനേട്ടങ്ങൾ കാണിക്കുന്ന സ്റ്റേറ്റ്മെന്റ് അനുബന്ധം 1-ൽ കാണുക†.

† അനുബന്ധം VII

LIBRARY ARCHIVES Kerala Legislative Assembly

(ഇ) പരിശോധിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പും ഗ്രാമവികസനവകുപ്പും കൂടി പട്ടികജാതിക്കാർക്കായി 1993-94-ൽ 18228 വീടുകളും 1994-95-ൽ 17087 വീടുകളും ഉൾപ്പെടെ 35315 വീടുകൾ നിർമ്മിച്ചു നല്കിയിട്ടുണ്ട്. പട്ടികവർഗ്ഗ വികസനവകുപ്പ് 1993-94-ൽ 880 പേർക്കും 1994-95-ൽ 846 പേർക്കും വീടുനിർമ്മിച്ചു നല്കിയിട്ടുണ്ട്.

(എഫ്) പരിശോധിച്ചിട്ടുണ്ട്. ജനകീയാസൂത്രണ പ്രസ്ഥാനത്തിലെ പാർപ്പിടരംഗത്തെ പ്രവർത്തനങ്ങൾ വിജയകരമായിരുന്നു എന്നു വിലയിരുത്തുന്നു. 1997-98, 1998-99 വാർഷിക പദ്ധതികളിൽ പട്ടികജാതിക്കാർക്ക് 52988 വീടുകളും പട്ടികവർഗ്ഗക്കാർക്ക് 8031 വീടുകളും തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ നിർമ്മിച്ചിട്ടുണ്ട്. കൂടാതെ പട്ടികജാതിക്കാരുടെ 35744 വീടുകളും പട്ടികവർഗ്ഗക്കാരുടെ 4444 വീടുകളും ആ കാലയളവിൽ പുനരുദ്ധരിക്കുകയും ചെയ്തിട്ടുണ്ട്. അതേസമയം അതിന് മുമ്പുള്ള 1995-96, 1996-97 വാർഷിക പദ്ധതികളിൽ പട്ടികജാതിക്കാർക്കുവേണ്ടി നിർമ്മിച്ച ആകെ വീടുകളുടെ എണ്ണം 46490 മാത്രമായിരുന്നു.

(ജി) 41179 ഭവനങ്ങൾ വൈദ്യുതീകരിച്ചിട്ടുണ്ട്.

(എച്ച്) നടപടി സ്വീകരിച്ചിട്ടുണ്ട്. ത്രിതല പഞ്ചായത്തുകളും, നഗരസഭാ സ്ഥാപനങ്ങളും നടപ്പാക്കുന്ന പ്രത്യേക ഘടക പദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് പ്രോജക്ട് പ്രകാരമുള്ള മോണിറ്റിംഗ് കമ്മിറ്റികൾക്ക് പുറമേ ബ്ലോക്ക്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തലത്തിൽ പട്ടികജാതി വികസന ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഇവരെ സഹായിക്കുന്നതിനായി എല്ലാ ഗ്രാമപഞ്ചായത്തുകളിലും നഗരസഭാസ്ഥാപനങ്ങളിലും കോ-ഓർഡിനേറ്റർമാരേയും പട്ടികവർഗ്ഗ ഉപപദ്ധതി പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യുന്നതിന് പട്ടികവർഗ്ഗ സങ്കേതങ്ങളിൽ സോഷ്യൽ ആക്ടിവിസ്റ്റുകളെയും നിയോഗിച്ചിട്ടുണ്ട്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പ്രത്യേക ഘടക പദ്ധതി പട്ടികവർഗ്ഗ ഉപപദ്ധതി പ്രവർത്തനങ്ങൾ പ്രത്യേകം മോണിറ്റർ ചെയ്യുന്നതിനുള്ള ചുമതല ജില്ലാതല പട്ടികജാതി-പട്ടികവർഗ്ഗ സമിതിക്കു നല്കിയിട്ടുണ്ട്. (ഇതു സംബന്ധിച്ച ഉത്തരവ് നം. ജി.ഒ.(പി) 12/97/പ്ലാനിംഗ് തീയതി : 30-5-1997 അനുബന്ധം II† ആയി കാണുക) കൂടാതെ സംസ്ഥാനാസൂത്രണ ബോർഡിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പുകളുടെയും ആഭിമുഖ്യത്തിൽ പട്ടികജാതി-പിന്നോക്ക വിഭാഗക്ഷേമ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാന ജില്ലാതല അവലോകനയോഗങ്ങളും നടക്കാറുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമത്തിനായുള്ള ചെലവ്

4 (1155) ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

---

† അനുബന്ധം VII 'എ'

LIBRARY ARCHIVES Kerala Legislative Assembly

അനുബന്ധം VII 'എ'

[1-3-2001-ലെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 3(1154)-ന്റെ 'എച്ച്' ഉത്തരം ദയവായി കാണുക]

GOVERNMENT OF KERALA

Abstract

SPECIAL COMPONENT PLAN AND TRIBAL SUB PLAN AND SPECIAL CENTRAL ASSISTANCE TO SPECIAL COMPONENT PLAN/TRIBAL SUB PLAN-DISTRICT LEVEL COMMITTEE FOR SC/ST DEVELOPMENT-CONSTITUTED-ORDERS-ISSUED.

PLANNING AND ECONOMIC AFFAIRS (C) DEPARTMENT

GO(P.) No. 12/97/Plg. *Dated, Thiruvananthapuram 30th August 1997*

Read : (1) G.O. (Ms)No.27/83/P&EA dated 18-4-1983
(2) G.O. (Rt.)No.400/94/Plg. dated 1-9-1994

ORDER

With the introduction of the Panchayat Raj System in the State, the three-tier Panchayat Raj Institutions have come into existence. Government have transferred several schemes for the implementation benefitting Scheduled Castes and Scheduled Tribes also. However, there are certain Schemes which have not been transferred to the Panchayat Raj Institutions which should be formulated taking into consideration the local conditions. Government have to ensure that the schemes aimed at the upliftment of the SC/ST people are benefitted only to the SC/ST people. In the past schemes benefiting SC/ST people were approved by the District Level Working Group. With the introduction of the Panchayat Raj System, the District Level Working Group has ceased to exist. In the circumstances, Government are pleased to constitute the District Level Committee for SC/ST Development in each District with the following Members :

1.	President, District Panchayat	- Chairperson
2.	District Collector	- Member-Secretary
3.	District Planning Officer	- Member
4.	SC/ST MLAs in the District	- Members
5.	Chairman, Welfare standing Committee of District Panchayat	- Member
6, 7, 8	Three social workers belonging to SC/ST from the District to be nominated by Government	- Members

LIBRARY ARCHIVES Kerala Legislative Assembly

9. District Scheduled Caste Development Officer - Member
10. Project Officer I.T.D.P. (Tribal Development Officer) - Member
11. Convenor of the District Level Bankers's Committee - Member
12. The Assistant General Manager, NABARD - Member
13. The District Officer of the following Departments - Members

(i) Agriculture
(ii) Soil Conservation
(iii) Animal Husbandry
(iv) Dairy Development
(v) Fisheries
(vi) Forestry
(vii) Co-operation
(viii) Rural Development
(ix) Land Reforms
(x) Social Welfare
(xi) Minor Irrigation
(xii) Ground Water
(xiii) Industries & Commerce
(xiv) Handloom
(xv) Coir Development
(xvi) P.W.D. (Buildings & Local Works)
(xvii) General Education
(xviii) Higher Education
(xix) Technical Education
(xx) Sports & Youth Affairs
(xxi) Health Services
(xxii) Indigenous Medicine
(xxiii) Homoeopathy
(xxiv) Nursing Education (DME)
(xxv) Municipal Administration
(xxvi) Public Relations Department
(xxvii) Employment & Training

LIBRARY ARCHIVES Kerala Legislative Assembly

(xxviii) Housing

District Level Officers of the following Autonomous bodies/Institutions - Member

(i) Kerala Water Authority

(ii) Kerala State Electricity Board

(iii) SERIFED

(iv) Kerala State Development Corporation for SCs/STs

(v) Kerala State Housing Board

(vi) Kerala Khadi and Village Industries Board

(vii) ANERT

The Officer of the concerned Department mentioned in category 13 above need take part in the Committee only when the subject of the concerned Department is taken up for consideration.

The functions of the Committee will mainly be the following :

(i) Clearing of the Schemes under SCP/TSP and SCA to SCP/SCA to TSP (except those schemes transferred to Local Bodies)

(ii) Monitoring and review of all the schemes including those implemented by the local bodies.

The financial power of this Committee will be Rs. 25 lakhs per scheme.

The Government orders read above are modified to this extent.

(By Order of the Governor)

C.CHANDRAN,
Secretary to Government.

To

The Presidents of all District Panchayats
All District Collectors
All District Planning Officers
All Heads of Departments concerned with the implementation of SCP/TSP
The Member Secretary, State Planning Board, Thiruvananthapuram
The Finance Department
The SC/ST Development Department
The Public Relations Department

LIBRARY ARCHIVES Kerala Legislative Assembly